"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ക്ലാർക്ക് ശ്രീമതി.പ്രവിത എസ്-ന്റെ പ്രൊബേഷൻ കാലയളവ് 22.08.2021 മുതൽ 21.08.2022 വരെ വകുപ്പ് മേധാവി ദീർഘിപ്പിച്ച് നൽകിയതിന്റെ തുടർച്ചയായി കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം 22.08.2022 മുതൽ 24.03.2023 ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.228/2024/POWER    തീയതി,തിരുവനന്തപുരം, 02-12-2024

പരാമർശം:-

(1) G.O(Rt) No.41/2029/POWER 08.03.2019

(2) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 17.08.2019-ലെ ഇ3-26674/2017/സി.ഇ.ഐ. നമ്പർ നടപടിക്രമം.

(3) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 06.06.2024-ലെ സി.ഇ.ഐ./9555/2023-ഇ3 നമ്പർ നടപടിക്രമം.

(4) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 27.06.2024-ലെ സി.ഇ.ഐ./9555/2023-ഇ3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1), (2) പ്രകാരം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.പ്രവിത എസ് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ 22.08.2019 പൂർവ്വാഹനത്തിൽ ജോലിയിൽ പ്രവേശിക്കുകയും ടിയാളുടെ നിയമനം 22.08.2019 പൂർവ്വാഹ്നം മുതൽ ക്രമീകരിച്ചിട്ടുമുണ്ട്. ടിയാൾ 21.08.2021-ന് ക്ലാർക്ക് തസ്തികയിൽ രണ്ട് വർഷത്തെ സേവനം പൂർത്തിയാക്കി. ടിയാളുടെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണ കാലയളവ് നിയമനം ക്രമീകരിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിൽ രണ്ട് വർഷത്തെ സേവന കാലയളവായിരിക്കെ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിനാവശ്യമായ നിർബന്ധിത വകുപ്പുതല പരീക്ഷയായ എം.ഒ.പി. (Manual of Office Procedure) നിശ്ചിത കാലയളവിനുള്ളിൽ ടിയാൾ പാസ്സായിരുന്നില്ല. ആയത് പാസ്സായത് 22.03.2023-ൽ നടത്തിയ പരീക്ഷയിൽ ആയതിനാൽ കെ.എസ്.& എസ്.എസ്.ആർ ഭാഗം II ചട്ടം 20 (b) പ്രകാരം 23.03.2023 പൂർവ്വാഹ്നം നിരീക്ഷണകാലം ടിയാൾ പൂർത്തീകരിച്ചതിനാൽ ടിയാളുടെ നിരീക്ഷണകാലം 24.03.2023 വരെ ദീർഘിപ്പിച്ച് ഉത്തരവാകേണ്ടതുണ്ട്. ശ്രീമതി.പ്രവിത എസ്-ന്റെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലയളവ് കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം 22.08.2021 മുതൽ 21.08.2022 വരെ വകുപ്പ് മേധാവിയായ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം (3) പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. അതിന്റെ തുടർച്ചയായി 22.08.2022 മുതൽ 24.03.2023 വരെ പ്രൊബേഷൻ

കാലയളവ് കെ.എസ് & എസ്. എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിക്കുന്നതിന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.പ്രവിത എസ്-ന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 21 പ്രകാരം 22.08.2021 മുതൽ 21.08.2022 വരെ ഒരു വർഷത്തേക്ക് നിയമനാധികാരിയായ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം (3) പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കാലയളവിനുള്ളിൽ ശ്രീമതി പ്രവിത എസ്-ന് നിർബന്ധിത വകുപ്പുതല പരീക്ഷയായ എം.ഒ.പി. (Manual of Office Procedure) പാസാകാൻ സാധിച്ചിരുന്നില്ലെങ്കിലും 22.03.2023-ന് നടന്ന വകുപ്പ് തല പരീക്ഷ ടിയാൾ പാസായിട്ടുള്ളതിനാൽ തൊട്ടടുത്ത ദിവസമായ 23.03.2023 പൂർവ്വാഹനത്തിൽ (FN) നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധത്തിലും, 22.08.2021 മുതൽ 21.08.2022 വരെ നിയമനാധികാരി ദീർഘിപ്പിച്ച് നൽകിയതിന്റെ തുടർച്ചയായും, കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ടിയാളുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് 22.08.2022 മുതൽ 24.03.2023 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHY C S

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.

ശ്രീമതി പ്രവിത എസ്, ക്ലാർക്ക്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് & എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 04-12-2024 10:52:18

സെക്ഷൻ ഓഫീസർ